പതിമൂന്നാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 5038 06.02.2014 -ൽ മറുപടിക്ക്

# കെ.എസ്.ബി.സി. ഔട്ട്ലെറ്റുകൾ കമ്പ്യൂട്ടർവത്ക്കരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പാലോട് രവി<br>,, തേറമ്പിൽ രാമകൃഷ്ണൻ<br>,, സണ്ണി ജോസഫ്<br>,, എം. എ. വാഹീദ് | ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി) |

---

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| (എ) | സംസ്ഥാനത്തെ കെ.എസ്.ബി.സി. ഔട്ട്ലെറ്റുകൾ കമ്പ്യൂട്ടർ വത്ക്കരിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ; | (എ) | ഉണ്ട്. കെ.എസ്.ബി.സി യുടെ ഹെഡാഫീസിലും എല്ലാ വെയർ ഹൗസുകളിലും ചില്ലറ വിൽപ്പന ശാലകളിലും ഒരു സമഗ്രമായ കമ്പ്യൂട്ടർ വൽക്കരണത്തിനുള്ള നിർദ്ദേശം കോർപ്പറേഷൻ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. ഇത് സംബന്ധിച്ച് നാല് സ്ഥാപനങ്ങളുടെ ഓഫറുകൾ ലഭിച്ചിട്ടുണ്ട്. ഇത്തരം സ്ഥാപനങ്ങളുടെ കഴിവ് വിലയിരുത്തുന്നതിനായി ഒരു 6 അംഗ വിദഗ്ധസമിതിയെ നിയോഗിച്ചിട്ടുണ്ട്. |
| (ബി) | ഇടപാടുകൾ സുതാര്യമാക്കാൻ എല്ലാ ഔട്ട്ലെറ്റുകളിലും നിരീക്ഷണ ക്യാമറകൾ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ ; | (ബി) | ഉണ്ട്. കോർപ്പറേഷന് കീഴിലുള്ള ഔട്ട്ലെറ്റുകളിൽ നിരീക്ഷണ ക്യാമറകൾ സ്ഥാപിക്കുന്നതിനായുള്ള ഒരു നിർദ്ദേശം സിഡ്കോ സമർപ്പിച്ചിട്ടുണ്ട്. ആയത് വിശദമായി പരിശോധിച്ചതിനു ശേഷം ചില നിബന്ധനകൾ കൂടി കൂട്ടി |

| | | | |
|---|---|---|---|
| | | | ച്ചേർത്തു കൊണ്ട് കോർപ്പറേഷന് കീഴിലുള്ള വെയർഹൗസുകളിലും ചില്ലറ വിൽപ്പനശാലകളിലും നിരീക്ഷണ ക്യാമറകൾ സ്ഥാപിക്കുവാനുള്ള അനുവാദം സർക്കാർ നൽകുന്നതാണ്. |
| (സി) | എല്ലാ ഔട്ട്‌ലെറ്റുകളും ഹെഡ്ഡാഫീസുമായി ബന്ധപ്പെടുത്തി കമ്പ്യൂട്ടർവത്ക്കരിക്കുന്നതിന് എന്ത് തുക ചെലവ് വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത് ; | (സി) | സർക്കാർ നിയോഗിച്ച വിദഗ്ധ സമിതിയുടെ നിർദ്ദേശം ലഭിച്ചതിന് ശേഷം മാത്രമേ ഇതിന് ആവശ്യമായ തുക കണക്കാക്കുവാൻ കഴിയുകയുള്ളൂ. |
| (ഡി) | പ്രസ്തുത കമ്പ്യൂട്ടർവത്ക്കരണം അടുത്ത സാമ്പത്തിക വർഷം ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ ? | (ഡി) | കമ്പ്യൂട്ടർവത്ക്കരണത്തിനാവശ്യമായ പ്രാരംഭനടപടികൾ ഇതിനകം തന്നെ ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ